# ദനഹാകാലം

## വചന വിചിന്തനം

### ദനഹാകാലം ഒന്നാം ഞായർ

**ലൂക്കാ 4,16-30**

> **പരിശുദ്ധാത്മാവിന്റെ നിറവ്**
> **ഈശോയുടെ ജീവിതത്തിന് തെളിച്ചവും വെളിച്ചവും നൽകി.**
> **ജീവിതത്തിന് തെളിച്ചവും വെളിച്ചവും ഇല്ലെങ്കിൽ**
> **പരിശുദ്ധാത്മാവിന്റെ കുറവ്**
> **നാം അനുഭവിക്കുന്നുണ്ട്!**

*ലക്ഷ്യബോധമുള്ള വർക്കുമാത്രം പറയാൻ സാധിക്കുന്ന ഒന്ന്; "നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു..."*

ആത്മാവിന്റെ ശക്തിയോടെ സിനഗോഗിൽ വച്ച് വചനം തുറക്കുന്ന ക്രിസ്തു കാണുന്നത്, തന്നെക്കുറിച്ച് പ്രവാചകൻമാരിലൂടെ പിതാവായ ദൈവം അരുൾചെയ്യപ്പട്ട വചനങ്ങളാണ്,

''കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18 –19).

വചനം വായിക്കുന്ന ക്രിസ്തു തന്റെ പിതാവായ ദൈവത്തിന്റെ ഇംഗിതം തിരിച്ചറിയുന്നു. തിരിച്ചറിഞ്ഞ ഇംഗിതത്തിന് സ്വയം സമർപ്പിക്കുകയും ചെയ്യുന്നു. തുടർന്നിങ്ങോട്ട് പിതാവിന്റെ ജീവിതശൈലിതന്നെ തന്റെയും ജീവിതശൈലിയാക്കി ക്രിസ്തു മാറ്റുകയാണ്. പിതാവിന്റെ ഇംഗിതത്തെ തന്റെ ദൗത്യമായി ക്രിസ്തു കാണുകയാണ്. ഗലീലിയിലെ സിനഗോഗിൽവന്ന് വചനം വായിക്കാനായി കൈകളിലെടുക്കുന്ന ക്രിസ്തു തന്റെ ജീവിതനിയോഗം തിരിച്ചറിയുകയാണ്. തിരുവചനത്തിൽ മറഞ്ഞിരിക്കുന്ന ദൗത്യം കണ്ടെത്തുന്ന ക്രിസ്തു തന്റെ ജീവിതശൈലിയായി സ്വീകരിക്കുന്നതും ഈ ദൗത്യം തന്നെയാണ്. അങ്ങനെയെങ്കിൽ, നാം ചിന്തിക്കേണ്ടതും ധ്യാനിക്കേണ്ടതും അതിലേറെ ആത്മപരിശോധന നടത്തേണ്ടതും, "ദിവസവും വചനം കൈകളിലേന്തുന്ന നാം, അധരത്തിലൂടെയും ഹൃദയത്തിലൂടെയും വചനം ഉരുവിടുന്ന നാം എന്തുകൊണ്ടാണ് വചനവഴികളിലൊന്നും നമ്മുടെ ദൗത്യങ്ങൾ കണ്ടുമുട്ടാത്തത്?"

ഈശോ തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിലാണ് സിനഗോഗിൽ വന്ന് വചനം കൈകളിലെടുക്കുന്നതും, വചനം വായിക്കുന്നതും, വചനത്തിലൂടെ തന്റെ ജീവിതനിയോഗം തിരിച്ചറിയുന്നതും. എന്നാൽ ക്രിസ്തു ഗലീലിയിലെ സിനഗോഗിലേയ്ക്ക് യാത്രയാവുന്നത് മരുഭൂമിയിലെ നാല്പത് ദിവസത്തെ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ജാഗരണത്തിനും ശേഷമാണ്. ചുരുക്കത്തിൽ, പ്രാർത്ഥനയിലൂടെയും താപസജീവിതത്തിലൂടെയും ആത്മീയതയ്ക്കുവേണ്ട അജ്ജയമായിട്ടുള്ള ആത്മബലം സ്വന്തമാക്കിയിട്ടാണ് ക്രിസ്തു വചനം കൈകളിലെടുക്കുന്നതും ആ വചനത്തിന്റെ വരികൾക്കിടയിലൂടെ തന്റെ ജീവിതനിയോഗം തിരിച്ചറിയുന്നതും. ക്രിസ്തുവിന്റെ മരുഭൂമിയിലെ നാൽപത് ദിവസത്തെ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും പ്രലോഭനത്തിനും ശേഷം തുടർന്നിങ്ങോട്ടുള്ള യാത്രയെ സുവിശേഷകൻ ഒറ്റ വാക്യത്തിൽ സംഗ്രഹിച്ചിരിക്കുകയാണ്;

"യേശു ആത്മാവിൻെറ ശക്തിയോടുകൂടെ ഗലീലിയിലേക്കു മടങ്ങിപ്പോയി" (ലൂക്കാ 4,14).

അതി ശക്തമായ താപസജീവിതത്തിനു ശേഷം കഠിനമായ പരീക്ഷണങ്ങളെ അതി ജീവിച്ചവൻ തന്റെ കർമ്മഭൂമിയിലേയ്ക്ക് യാത്രയാവുകയാണ് ആത്മാവിന്റെ ശക്തിയോടെ. വചനം പ്രഘോഷിക്കുന്നവനും വചനം ജീവിക്കുന്നവനും സ്വന്തമാക്കേണ്ട അടിസ്ഥാന പരമായ യോഗ്യതയാണിത്, "താപസജീവിതത്തിലൂടെ സ്വന്തമാക്കുന്ന ആത്മാവിന്റെ ശക്തിയോടുകൂടെ ജീവിക്കുക" എന്നത്. അതികഠിനമായ താപസജീവിതത്തിലൂടെ സ്വന്തമാക്കുന്ന പരിശുദ്ധാത്മവരങ്ങളാൽ തന്റെ ജീവിതത്തിന്റെ നിയോഗങ്ങൾ പ്രഖ്യാപിക്കുന്ന ക്രിസ്തു പാവങ്ങളുടെ പക്ഷം ചേരുകയാണ്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ പിതാവായ ദൈവം എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.

1. ബന്ധിതർക്ക് മോചനമരുളാൻ,
2. അന്ധർക്കു കാഴ്ച സമ്മാനിക്കാൻ,
3. അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം സമ്മാനിക്കാൻ,
4. കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ.

താപസജീവിതത്തിലൂടെ ജീവിതത്തിന്റെ ക്ഷണികത തിരിച്ചറിഞ്ഞവൻ ആത്മാവിന്റെ ശക്തിയോടെ തന്റെ കർമ്മവീഥിയിലേയ്ക്ക് നടന്നടുക്കുമ്പോൾ തന്റെ നയപ്രഖ്യാപനം നടത്തുകയാണ്. ക്രിസ്തുവിന്റെ നയപ്രഖ്യാപനത്തിന്റെ വലിയ പ്രത്യേകത, "അത് സ്വാർത്ഥതയല്ല... മറിച്ച്, സ്വയം ശ്യൂനമാക്കലാണ്." ക്രിസ്തുവിന്റെ ജീവിതശൈലി തന്നെയായിരിക്കണം ഓരോ കത്തോലിക്കന്റെയും ക്രിസ്തുഅനുയായിയുടെയും ജീവിതശൈലി. ക്രിസ്തുവിന്റെ നയപ്രഖ്യാപനങ്ങൾ തന്നെയായിരിക്കണം ഓരോ ക്രിസ്തുഅനുയായിയും പ്രഖ്യാപിക്കേണ്ടതും പങ്കുവയ്ക്കേണ്ടതും.

"പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റുനിന്നു..." അടിവരയിട്ട് വയ്ക്കേണ്ട പാഠം, പതിവുപോലെ....

ഒരു രാജാവിന് നാല് ഭാര്യമാരുണ്ടായിരുന്നു. നാലാമത്തവളോട് രാജാവിന് ഭ്രാന്തമായ സ്നേഹമായിരുന്നു. അവളെ തൃപ്തിപ്പെടുത്താനായി സാധ്യമായതെല്ലാം അയാൾ ചെയ്യുമായിരുന്നു. മൂന്നാമത്തവളെയും രാജാവിന് സ്നേഹമായിരുന്നു. പക്ഷെ, അവൾ മറ്റുള്ളവർക്ക് വേണ്ടി തന്നെ ഉപേക്ഷിച്ചു പോകുമൊന്നയിരുന്നു രാജാവിന്റെ ബലമായ സംശയം. രണ്ടാമത്തെ ഭാര്യ രാജാവിന് വിഷമഘട്ടങ്ങളിൽ ഓടിച്ചെല്ലാനുള്ള ഇടമായിരുന്നു. അയാളുടെ സങ്കടങ്ങൾ കേട്ട് അവൾ ആശ്വസിപ്പിക്കുമായിരുന്നു. ഒന്നാം ഭാര്യ രാജാവിനെ ഒട്ടേറെ സ്നേഹിച്ചിരുന്നു. അദ്ദേഹത്തെ ഭരണത്തിൽ സഹായിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിരുന്നു. എന്നാൽ, അയാൾ അവളെ ഒട്ടും പരിഗണിച്ചിരുന്നില്ല. അവളോടുള്ള ബാധ്യതകളൊന്നും അയാൾ നിറവേറ്റിയിരുന്നുമില്ല.

അങ്ങനെ ഒരു ദിവസം രാജാവ് രോഗിയായി. മരണം അടുത്തെത്തിയെന്ന് അയാൾക്ക് ഉറപ്പായി. കല്ലറയിൽ ഒറ്റക്ക് കഴിയുന്നതിനെ കുറിച്ച് അയാൾക്ക് ആധിയായി. അയാൾ താൻ ഏറെ സ്നേഹിച്ചിരുന്ന നാലാം ഭാര്യയോട് ചോദിച്ചു;

"പ്രിയേ, മറ്റു ഭാര്യമാരേക്കാളേറെ ഞാൻ നിന്നെ സ്നേഹിച്ചിരുന്നു. നിന്റെ സകല ആഗ്രഹങ്ങളും ഞാൻ സാധിച്ചു തന്നു. എന്റെ കൂടെ കല്ലറയിൽ കൂട്ടാവാൻ നീ കൂടെ വരില്ലേ?"

സാധ്യമല്ലെന്ന് ഒറ്റ വാക്കിൽ പറഞ്ഞ് അവൾ പുറത്തേക്ക് പോയി. മൂന്നാം ഭാര്യ കടന്നു വന്നപ്പോൾ രാജാവ് ചോദിച്ചു;

"ജീവിതം മുഴുക്കെ ഞാൻ നിന്നെ സ്നേഹിച്ചു. എന്റെ ജീവതം തീരുമ്പോൾ നീ കൂടെ വരുമോ എനിക്ക് കൂട്ടായിട്ട്?"

അവൾ പറഞ്ഞു;

"ജീവിതം സുന്ദരമാണ്. എന്റെ യുവത്വം ശേഷിക്കുന്നു. അങ്ങയുടെ മരണശേഷം മറ്റൊരു ദാമ്പത്യം ഞാൻ പ്രതീക്ഷിക്കുന്നു."

രണ്ടാം ഭാര്യ മുറിയിലേക്ക് വന്നപ്പോൾ രാജാവ് അവളോട് പറഞ്ഞു;

"എന്റെ വിഷമസന്ധികളിലെല്ലാം നീയായിരുന്നു എനിക്ക് ആശ്വാസം. എന്റെ കല്ലറയിലും എനിക്ക് ആശ്വാസമേകുവാൻ നീ വരുമോ?"

അവൾ പറഞ്ഞു;

"ക്ഷമിച്ചാലും പ്രഭോ, ഈ ആവശ്യം ഞാനെങ്ങനെ പൂർത്തീകരിക്കും? അങ്ങയെ മണ്ണിലേക്ക് ഇറക്കി വെക്കുവോളം ഞാൻ കൂടെയുണ്ടാവും. അതിലപ്പുറം എനിക്ക് സാധ്യമാവില്ല."

രാജാവ് അതീവ ദുഖിതനായി. സങ്കടം അയാളുടെ കണ്ണുകളെ ഈറനണിയിച്ചു. അപ്പോഴാണ് അയാൾ ആ ശബ്ദം കേട്ടത്;

"ഞാൻ വരാം അങ്ങയുടെ കൂടെ, എവിടെയാണെങ്കിലും അങ്ങയുടെ കൂടെ ഞാൻ ഉണ്ടാകും..."

അയാളുടെ ഒന്നാം ഭാര്യയായിരുന്നു അത്. അയാളുടെ നിരന്തര അവഗണന കാരണം അവൾ ക്ഷീണിച്ച് രോഗാതുരയായി മാറിയിരുന്നു. ക്ഷീണിച്ച് മരണാസന്നയായ അവളെ കണ്ടപ്പോൾ ജീവിതകാലത്ത് അവളെ പരിഗണിച്ചില്ലല്ലോ എന്നോർത്ത് അയാൾക്ക് സങ്കടമായി. നിറകണ്ണുകളോടെ അയാൾ അവളോട് പറഞ്ഞു;

"മറ്റുള്ളവരെക്കാൾ ഞാൻ നിയൊയിരുന്നു പരിഗണിക്കേണ്ടിയിരുന്നത്. എനിക്ക് ആയുസ്സ് നീട്ടിക്കിട്ടുകയാണെങ്കിൽ തീർച്ചയായും മറ്റു ഭാര്യമാരേക്കാൾ ഞാൻ നിന്നെ പരിപാലിക്കുതാണ്..."

*"ഇതു കേട്ടപ്പോൾ സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും കോപാകുലരായി..." ദൈവത്തിന്റെ വചനം സുഖിപ്പിക്കുന്ന വചനമല്ല... മറിച്ച്, സുഖപ്പെടുത്തുന്ന വചനമാണ്!*

നമുക്കെല്ലാം ഈ നാലു ഭാര്യമാരുണ്ട്. നാലാമത്തെ ഭാര്യ നമ്മുടെ ദേഹമാണ്. ശരീരേച്ഛയെ പരിപോഷിപ്പിക്കാൻ നാം സദാ സമയം നമുക്ക് ഉള്ളതെല്ലാം ചെലവഴിക്കുന്നു. മരണത്തോടെ ആ ശരീരം നമ്മെ വിട്ടു പോകുന്നു

മൂന്നാമത്തവൾ നമ്മുടെ ധനവും അധികാരവുമാണ്. നമ്മുടെ മരണത്തോടെ അത് മറ്റുള്ളവരുടേതായി മാറുന്നു. രണ്ടാമത്തവൾ കുടുംബവും സുഹൃത്തുക്കളുമാണ്. അവർക്ക് നമ്മെ മണ്ണിലേക്ക് ഇറക്കി വെക്കുന്നതുവരെ കൂടെ വരാനേ സാധിക്കുകയുള്ളൂ.

ഒന്നാമത്തവൾ, അതാണ് നമ്മുടെ സൽക്കർമ്മങ്ങൾ. നമ്മുടെ ദേഹേച്ഛക്ക് വേണ്ടി, പണത്തിനും അധികാരത്തിനും വേണ്ടി, സുഹൃത്തുക്കൾക്കു വേണ്ടി നാം അതിനെ അവഗണിക്കുന്നു.

ഇത് കണ്ണുതുറപ്പിക്കുന്ന ഒന്നായിരിക്കണം. കഠിനമായ താപസജീവിതത്തിലൂടെ ക്രിസ്തു ആത്മാവിന്റെ ശക്തിയോടെ മരുഭൂമിയിൽ നിന്ന് യാത്രയായി ഗലീലിയിലെ സിനഗോഗിൽ പഠിപ്പിക്കുന്നത്, പ്രഖ്യാപിക്കുന്നത് തന്റെ സത്കർമ്മത്തിന്റെ രാജ്യവീഥികളെ കുറിച്ചാണ്. ഞാൻ വന്നിരിക്കുന്നത്, ബന്ധിതർക്ക് മോചനമരുളാനും അന്ധർക്കു കാഴ്ച സമ്മാനിക്കാനും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം സമ്മാനിക്കാനും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാനുമാണ്. ഒരുവന്റെ മരണനേരത്തും മരണശേഷവും കൂട്ടായുണ്ടാകുന്നത് ഈ സൽക്കർമ്മങ്ങൾ തന്നെയാണ്.

***"എന്റെ ആഗ്രഹം,***
***മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്.***
***കാരണം, അതാണു കൂടുതൽ ശ്രേഷ്ഠം."***
ഫിലി. 1,23

ഫാ. ജോബി മേനോത്ത്
+91 9447777931